# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1 — 28.10.2019 ൽ മറുപടിക്ക്

**<u>ഡച്ച് സന്ദർശനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഡച്ച് സന്ദർശനത്തിൽ കേരളവുമായി ബന്ധപ്പെട്ട എന്തൊക്കെ പദ്ധതികളിലാണ് ചർച്ച നടത്തിയത്;അറിയിക്കാമോ; | (എ) | പുഷ്പകൃഷി വികസനം, സമുദ്ര ജലനിരപ്പിന് താഴെയുള്ള കൃഷി, വാഴപ്പഴത്തിന്റെ കയറ്റുമതിക്ക് സഹായകമായി Shelf Life വർദ്ധിപ്പിക്കൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ നൂതന മാതൃക അവലംബിക്കൽ, ഡച്ച് പുരാവസ്തുരേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുക എന്നീ വിഷയങ്ങളിൽ അതത് മേഖലകളിലെ വിദഗ്ദരുമായി ചർച്ചകൾ നടത്തുകയുണ്ടായി. |
| (ബി) | ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതൊക്കെ കാര്യങ്ങളിൽ തുടർച്ചയുണ്ടായി; വ്യക്തമാക്കാമോ; | (ബി)<br>(സി)<br>ഡി) | ഭാരത സന്ദർശനത്തിന്റെ ഭാഗമായി 2019 ഒക്ടോബർ 17,18 തീയതികളിൽ നെതർലാൻഡ്സ് രാഷ്ട്രത്തലവൻ വില്യം അലക്സാണ്ടർ രാജാവ് കേരളം സന്ദർശിച്ചിരുന്നു. നെതർലാൻഡ്സ് നാഷണൽ ആർക്കൈവ്സും സംസ്ഥാന സർക്കാരും തമ്മിൽ സാംസ്കാരിക പൈതൃക പങ്കാളിത്ത വിനിമയ പദ്ധതി സംബന്ധിച്ച ധാരണാപത്രം പ്രസ്തുത സന്ദർശന വേളയിൽ ഒപ്പു വയ്ക്കുകയുണ്ടായി. സംസ്ഥാന പുരാരേഖാ വകുപ്പ് സൂക്ഷിച്ചിട്ടുള്ള ഡച്ച് രേഖകളുടെ ഡിജിറ്റൽ പകർപ്പ്, നെതർലാൻറ്സ് നാഷണൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള കേരളത്തെ സംബന്ധിച്ച രേഖകളുടെ ഡിജിറ്റൽ പകർപ്പ് എന്നിവ പരസ്പരം കൈമാറുന്നതിനും ഡിജിറ്റൈസേഷൻ നടത്തിയ രേഖകൾ ഓൺലൈനായി പ്രസിദ്ധപ്പെടുത്തുന്നതിനും റിക്കാർഡുകളുടെ ശാസ്ത്രീയ പരിപാലനം, സംരക്ഷണം എന്നീ വിഷയങ്ങളിൽ പരസ്പര സഹകരണത്തിൽ ഏർപ്പെടുന്നതിനും ധാരണയായി. കൂടാതെ സംസ്ഥാന പുരാരേഖാ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർക്ക് നെതർലാൻറ്സ് നാഷണൽ ആർക്കൈവ്സിൽ വച്ച് പരിശീലനം നൽകുന്നതിനും ധാരണയായി. |
| (സി) | ഡച്ച് ഭരണാധികാരിയെ മുഖ്യമന്ത്രി കേരളത്തിലേക്ക് ക്ഷണിച്ചിരുന്നോ; അദ്ദേഹം കേരളത്തിൽ എത്തിയിരുന്നോ; | | |
| (ഡി) | പ്രസ്തുത സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതികളിൽ തീരുമാനം ഉണ്ടാകുകയോ ധാരണാപത്രം ഒപ്പ് വെയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ